## ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിലെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള ഓൺലൈൻ ഇന്റർവ്യൂ

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലെ കാസർഗോഡ് പരിശീലന കേന്ദ്രത്തിൽ നിലവിൽ ഒഴിവുള്ള (ഒരു ഒഴിവ്) പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് ഓൺലൈൻ ഇന്റർവ്യൂ നടത്തുന്നു. (യോഗ്യത- യൂണിവേഴ്സിറ്റികൾ, ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകർ അല്ലെങ്കിൽ കാലാകാലങ്ങളിൽ യു.ജി.സി/എ.ഐ.സി.ടി.ഇ സംസ്ഥാന സർക്കാരുകൾ കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവർ, പ്രായപരിധി 25 വയസ്സ് പൂർത്തിയായവരും 67 വയസ്സ് പൂർത്തിയാകാത്തവരും). ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ വച്ച് നടക്കുന്ന പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള യോഗ്യതയുള്ളവർ 11/08/2021 -ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെയുള്ള സമയത്തിനുള്ളിൽ ബയോഡാറ്റയും യോഗ്യതാ സർട്ടിഫിക്കറ്റുകളും director.mwd@gmail.com എന്ന മെയിലിൽ അയക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ വിവരങ്ങൾ ഇ-മെയിൽ ആയി നൽകിയവരെ മാത്രമെ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുകയുള്ളൂ. നിശ്ചിത യോഗ്യതയുള്ളവർക്കായി 12.08.2021 -ന് രാവിലെ 10.00 മണി മുതൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ ഇന്റർവ്യൂ നടത്തുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ലിങ്ക് അയച്ചുതരുന്നതാണ്. വകുപ്പിന്റെ വെബ്സൈറ്റ് (www.minoritywelfare.kerala.gov.in).

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി